# വേദന, ദുഃഖം, സുഖം

**ആനന്ദ്**

രണ്ടുമൂന്നു മാസം മുമ്പ് ഒരു ദില്ലി പത്രത്തിൽ ഒരു പട്ടിണിവാർത്ത വന്നു. 37 വയസ്സുള്ള ഒരു സ്ത്രീ അവരുടെ വീട്ടിൽ മരിച്ച അവസ്ഥയിൽ കാണപ്പെട്ടു. നീരു അവരുടെ മൂത്ത രണ്ട് സഹോദരിയമാരുടെ കൂടെയാണ് താമസിച്ചിരുന്നത്. 40 വയസ്സുള്ള പൂനവും 43 വയസ്സുള്ള ഡോളിയുമൊത്ത് ഒരു ഒറ്റ മുറി വീട്ടിൽ. പൂനം ഒരു ഗ്രാജുവേറ്റും നീരു പ്ലസ്ടു വരെ പഠിച്ചവളുമായിരുന്നു. വല്ലപ്പോഴും ഭിക്ഷ യാചിക്കുവാനല്ലാതെ മൂവരേയും സാധാരണ പുറത്തുകാണാറില്ലെന്ന് അയൽക്കാർ പറഞ്ഞു. അവരുടെ മുറിയിൽനിന്നു ദുർഗന്ധം വരുന്നതായി അയൽക്കാർ പരാതിപ്പെട്ടതനുസരിച്ച് പോലീസ് വാതിൽ പൊളിച്ച് അകത്തു കടക്കുകയാണുണ്ടായത്. മരിച്ചു കുറച്ചു കഴിഞ്ഞ നീരുവിന്റെ ശരീരത്തിനടുത്തു പൂനവും ഡോളിയും ഇരിക്കുന്നുണ്ടായിരുന്നു. ഇരുവരും പട്ടിണിമൂലം അവശനിലയിലായിരുന്നു.

ഒരു പരിധി കഴിയുമ്പോൾ ഗന്ധം ഗന്ധമല്ലാതായിത്തീരുമായിരിക്കാം. വേദന വേദനയല്ലാതേയും, ദുഃഖം ദുഃഖമല്ലാതേയും. ആ പരിധി എവിടെയാണെന്നറിയില്ല. ഓരോരുത്തർക്കും അത് ഓരോന്നായിരിക്കാം. ആ പരിധിക്കപ്പുറം എന്നാൽ എല്ലാമുണ്ട്. ദുഃഖവും വേദനയും ഗന്ധവും കാഴ്ചയും കേൾവിയും. എന്നിട്ടും നമ്മിൽ പലരും അതൊക്കെ അറിയാതെ പോകുന്നു. നീരു, പൂനം, ഡോളി സഹോദരിമാരുടെ ഘട്ടത്തിൽ എത്താതെത്തന്നെ.

പണ്ടൊരിക്കൽ ഞങ്ങളുടെ ബംഗാളിലെ വീട്ടിൽ വെച്ച് ഈർച്ചവാളിന്റേതുപോലൊരു അന്ധാളിപ്പിക്കുന് ശബ്ദം കേട്ട് ഞങ്ങളെല്ലാവരും പുറത്തു വന്നു. മുറിവേറ്റ ഒരു പന്നിയെ മൂന്നു നാല് പേർ നിലത്തുകൂടി വലിച്ചിഴച്ചു കൊണ്ടുപോകുകയായിരുന്നു. വളർത്തുമൃഗമാണെങ്കിലും, കാട്ടുമൃഗത്തെ നായാടുന്നതുപോലെ വളഞ്ഞു പിടിച്ചു കുന്തമെറിഞ്ഞാണ് അവിടത്തുകാർ പന്നിയെ കൊല്ലുന്നത്. മുറിപ്പെടുത്തി പിടിച്ചതിനുശേഷം അവർക്കതിനെ കൊല്ലാമായിരുന്നു. പക്ഷേ ഇതിലായിരുന്നു അവർ രസം കണ്ടത്. ആ സമയത്ത് മൈതാനത്തിൽ മേയുകയായിരുന്ന പശുക്കളും ആടുകളും അതിന്റെ നിലവിളികേട്ട് വായിൽ കടിച്ച പുല്ലും ഉയർത്തിപ്പിടിച്ച ചെവിയും വാലും ആയി, വിറളിയെടുത്ത്, വലിച്ചു കൊണ്ടുപോകുന്ന മൃഗത്തിന്റെ പിന്നാലെ ഓടി. മുരണ്ടും അമറിയും അങ്ങനെ കുറച്ചുനേരം ഓടിയതിനുശേഷം അവ മൈതാനത്തിലേയ്ക്കു മടങ്ങി. അതൊരു റിഫ്ളക്സ് ആക്ഷനായിരുന്നിരിക്കണം അവയ്ക്ക്. സ്വന്തം വേദനയോടെന്നപോലെ, മറ്റുള്ളവരുടെ വേദനയോടും പ്രതികരിക്കുവാൻ, കുറച്ചു നിമിഷങ്ങളിലേയ്ക്കെങ്കിലും, പ്രകൃതി കൊടുത്ത കഴിവ്.

മോഷണമാരോപിച്ച് ഒരു കുട്ടിയെ ആളുകൾ വളഞ്ഞുനിന്നു പ്രഹരിക്കുന്നതും പിന്നീട് കൈകാലുകൾ ബന്ധിച്ചു പന്നിയെ എന്നപോലെ നിലത്തുകൂടി വലിച്ചുകൊണ്ടുപോകുന്നതുമായ ദൃശ്യം ഈയിടെ നമ്മൾ വാർത്തകളിൽ കാണുകയുണ്ടായി. അതിലും ചെറിയ കാര്യം, വഴിമുറിച്ചു കടക്കുക എന്ന കുറ്റം, ചെയ്തതിന് ജാഥക്കാർ ഒരു സ്ത്രീയെ ചവുട്ടി വീഴ്ത്തുന്നതും, വഴിയിൽ വീണ അവരുടെ മീതേക്കൂടി മാർച്ച് ചെയ്തു പോകുന്നതും പിന്നെ കണ്ടു.

മനുഷ്യൻ മൃഗത്തേക്കാൾ മോശമാണെന്നല്ല ഞാൻ പറഞ്ഞുവരുന്നത്. ഇരയെ കൊല്ലുന്നതിനു മുമ്പ് പീഡിപ്പിച്ചു രസിക്കുന്ന ചില മൃഗങ്ങളുണ്ട്. പല സംഗതികളിലും മറ്റു മൃഗങ്ങളേക്കാൾ ഒരു തോതു കൂടുതലുള്ള മനുഷ്യനു ക്രൂരതയും കൂടുതലുണ്ടാകാം. ക്രൂരതയെന്നപോലെ സഹാനുഭൂതിയും കൂടുതലുണ്ട്. അതുകൊണ്ടാണല്ലോ സമൂഹവും സംസ്കാരവും നീതിബോധവും കോടതികളും ആസ്പത്രികളുമൊക്കെ മനുഷ്യൻ ഉണ്ടാക്കിയത്.

ശരീരത്തിൽ സംഭവിക്കുന്ന മുറിവിനെ വ്യക്തിയുടെ തലച്ചോറ് വേദനയാക്കി മാറ്റി അപകടസൂചനകൾ നൽകുന്നു. നടപടിയെടുക്കേണ്ടതിന്റെ ആവശ്യത്തെ മനസ്സിലാക്കിപ്പിക്കുന്നു. വ്യക്തിയുടേതന്നെപോലെ നാമുണ്ടാക്കിയ സമൂഹത്തിനും ഒരു ശരീരമുണ്ട്. ആ ശരീരത്തിന് എവിടെയെങ്കിലും മുറിവു പറ്റുകയാണെങ്കിൽ, അതിന്റെ തലച്ചോറ് സിഗ്നലുകൾ നൽകണം. സിംപതെറ്റിക് പൗഡർ എന്ന പണ്ടുകാലത്തെ യൂറോപ്പിലെ മാന്ത്രികചികിത്സാരീതി ഈ ഭാവനയുടേതായിരുന്നു. ഒരു വാളിന്മേൽ അനുതാപചൂർണ്ണം പുരട്ടിയാൽ, ആ വാളുണ്ടാക്കിയിട്ടുള്ള മുറിവുകൾ എവിടെയെങ്കിലും ആർക്കെങ്കിലുമുണ്ടെങ്കിൽ അവർക്കെല്ലാം വേദനിക്കുമെന്നായിരുന്നു വിശ്വാസം. അഥവാ വേദനിക്കണം എന്നാണ് അന്നത്തെ മനുഷ്യർ ആഗ്രഹിച്ചത്. ആ വിശ്വാസം വെച്ചാണ് ഒരാൾ പണ്ട് ഗ്രീനിച്ചിൽനിന്നുള്ള സമയവ്യത്യാസം ഗണിക്കാൻ കപ്പൽ യാത്രക്കാരോട്, അവിടെ സൂക്ഷിച്ചിട്ടുള്ള ഒരു വാളിനാൽ മുറിവേൽപ്പിക്കപ്പെട്ട ഒരു മൃഗത്തെ ഓരോ കപ്പലിലും കൊണ്ടുപോകാൻ നിർദ്ദേശിച്ചത്. ഗ്രീനിച്ചിലെ പന്ത്രണ്ടുമണി സമയത്ത്, അവിടത്തെ വാളിൽ ചൂർണ്ണം പുരട്ടും, കപ്പലിലെ മൃഗങ്ങൾ കരയുകയും ചെയ്യും. അത് ഭാവന. എന്നാൽ ഫാന്റം ലിംബ് വേദന എന്ന പ്രതിഭാസം മനുഷ്യനിൽ വാസ്തവമായും വൈദ്യശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. നഷ്ടപ്പെട്ടുപോയതെങ്കിലും, ഒരു കയ്യിന്റേയോ കാലിന്റേയോ മറ്റോ വേദന ഒരാൾക്ക് അനുഭവപ്പെടുന്ന സംഭവം. ഇവിടെ വേദന എന്ന പ്രതിഭാസം തലച്ചോറിനെത്തന്നെ അതിവർത്തിച്ചുപോകുന്നു. മനുഷ്യനു മാത്രമാണ് ഇത് അനുഭവപ്പെടുന്നത്, അവനുള്ള സവിശേഷസിദ്ധികൊണ്ട്.

പകുക്കും തോറും സുഖം കൂടിവരുമെന്നും ദുഃഖം കുറഞ്ഞുവരുമെന്നും നാം പറയുന്നു. അതൊരു വാസ്തവവുമാണ്.

• • • • • • • • • • • • • • •